"ഭരണഭാഷ-മാതൃഭാഷ-"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : വി.എൻ.ജിതേന്ദ്രൻ)

തിരുവനന്തപുരം

ഉത്തരവ് നം.: E6-3262/14. തീയതി: 3-3-2015

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - വാച്ച്മാൻ തസ്തികയിൽ നിന്ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം- അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. റാന്നി സി.ഡി.പി.ഒയുടെ 9.5.14ലെ ഐ.സി.ഡി.എസ് / ആർ.206/14 നം. കത്ത്.
2. തളിക്കുളം സി.ഡി.പി.ഒയുടെ 26.12.13, 13.1.15 തീയതികളിലെ ICDS/TKM/328/13 നം. കത്തുകൾ.
3. കോഴിക്കോട് ഷോർട്ട് സ്റ്റേ ഹോം സൂപ്രണ്ടിന്റെ 11.10.14, 4.11.14 തീയതികളിലെ എസ്.എസ്.എച്ച്.കെ 112/14 നം. കത്തുകൾ.

വകുപ്പിനു കീഴിൽ വിവിധ കാര്യാലയങ്ങളിൽ വാച്ച്മാൻ തസ്തികയിൽ സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീ.രതീഷ് ആർ.നായർ, വിനോദ് എം.ടി, സ്മിത പി.ബി എന്നീ ജീവനക്കാർക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നതിനായി മേൽ പരാമർശങ്ങൾ പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ചും കേരള ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂൾസ് ചട്ടം 2-ന്റെ പ്രൊവിസോ പ്രകാരവും ടി ജീവനക്കാർക്ക് വാച്ച്മാൻ തസ്തികയിൽ നിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് ചുവടെ പറയും പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേരും തസ്തികയും | നിലവിൽ ജോലി ചെയ്തു വരുന്ന കാര്യാലയം | തസ്തികമാറ്റം അനുവദിച്ച് ഓഫീസ് അറ്റൻഡന്റായി നിയമിക്കുന്ന കാര്യാലയം |
|---|---|---|---|
| 1. | ശ്രീ. രതീഷ് ആർ.നായർ വാച്ച്മാൻ | ഐ.സി.ഡി.എസ് റാന്നി | ഐ.സി.ഡി.എസ് മല്ലപ്പള്ളി |
| 2. | ശ്രീ. വിനോദ്.എം.ടി വാച്ച്മാൻ | ഐ.സി.ഡി.എസ് തളിക്കുളം | പ്രോഗ്രാം ഓഫീസ്, തൃശൂർ |
| 3. | ശ്രീമതി.സ്മിത പി.ബി വാച്ച് വുമൺ | ഷോർട്ട് സ്റ്റേ ഹോം കോഴിക്കോട് | ഐ.സി.ഡി.എസ് കൊടുവള്ളി അഡീ. |

db@14

ജീവനക്കാരുടെ പുതിയ തസ്തികയിലെ നിയമനം സംബന്ധിച്ച വിവരം അവരുടെ സർവ്വീസ് പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് സർവ്വീസ് പുസ്തകത്തിൽ ഒട്ടിച്ചു വയ്ക്കേണ്ടതാണ്.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക് (കാര്യാലയ മേധാവി മുഖേന)

പകർപ്പ്:

1. സി.ഡി.പി.ഒ റാന്നി / മല്ലപ്പള്ളി / തളിക്കുളം/ കൊടുവള്ളി അഡീ.
2. ഡി.പി.ഒ, തൃശൂർ
3. ജില്ലാ സാമൂഹ്യനീതി ഓഫീസർ, പത്തനംതിട്ട, തൃശൂർ.
4. സൂപ്രണ്ട്, ഷോർട്ട് സ്റ്റേ ഹോം, കോഴിക്കോട്.
5. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

db@14